"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ ചിങ്ങോലി ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പറായ ശ്രീ. ബിനു (ശ്രീ.സുരേഷ്കുമാർ . എസ്) എന്നിവർക്കെതിരായ കൈക്കൂലി ആരോപണം സംബന്ധിച്ചുള്ള പരാതി - 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271 ജെ പ്രകാരം ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1492/2025/LSGD തീയതി,തിരുവനന്തപുരം, 18-06-2025

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 13.02.2023 തീയതിയിലെ E6-(SC-56/2022/ALP)42556/2022/DVACB നമ്പർ കത്ത്.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.03.2025 തീയതിയിലെ LSGD/PD/48046/2023-VIGA6 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ കരീലക്കുളങ്ങര പോലീസ് സ്റ്റേഷനിലെ ISHO ശ്രീ. സുധിലാൽ, മെമ്പർ ശ്രീ. ബിനു എന്നിവർക്കെതിരെയുള്ള കൈക്കൂലി ആരോപണം സംബന്ധിച്ച മിന്നൽ പരിശോധന റിപ്പോർട്ടിലെ അപാകത - 3 ന് ഉത്തരവാദിയായ S0 2 ശ്രീ. ബിനു (ശ്രീ.സുരേഷ്കുമാർ . എസ്) നെതിരെ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് സെക്രട്ടറി മുഖാന്തിരം നടപടി സ്വീകരിക്കുന്നതിന് പരാമർശം - 1 ശുപാർശ സഹിതം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് വിജിലൻസ് വകുപ്പ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

2) ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ വാർഡ് മെമ്പറായ ശ്രീ. ബിനുവുമായി നേരിൽ സംസാരിക്കാൻ സാധിച്ചില്ലായെന്നും ഫോൺ മുഖേന അദ്ദേഹവുമായി ആശയവിനിമയം നടത്തിയാണ് വിവരങ്ങൾ ശേഖരിച്ചതെന്നും ഇന്റേണൽ വിജിലൻസ് ഓഫീസറുടെ റിപ്പോർട്ടിൽ പരാമർശിക്കുന്നതായും വിഷയവുമായി ബന്ധപ്പെട്ട് ടിയാനുമായി സംസാരിച്ചതിൽ വിജിലൻസ്

റിപ്പോർട്ടിൽ പരാമർശിച്ച പ്രകാരമുള്ള സംഭവം നടന്നിട്ടുള്ളതായി ടിയാന്റെ ഭാഗത്തുനിന്നും സംഭവിച്ച ഒരു വീഴ്ചയായി ടിയാൻ സമ്മതിച്ചിട്ടുള്ളതാണെന്ന് ഇന്റേണൽ വിജിലൻസ് ഓഫീസറുടെ റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ടെന്നും ഈ വിഷയത്തിൽ വിജിലൻസ് ടിയാനുമായി ബന്ധപ്പെട്ട് മൊഴിയെടുത്തിട്ടുള്ളതായി തുടർന്നുള്ള വിവരങ്ങൾ ലഭ്യമല്ലായെന്നും ശ്രീ. ബിനു ഐ.വി.ഒ. യെ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ പഞ്ചായത്തിൽ ഐ.വി.ഒ. പരിശോധന നടത്തിയതിൽ പഞ്ചായത്തുമായി ബന്ധപ്പെട്ട വിഷയം അല്ലാത്തതിനാൽ പഞ്ചായത്തിൽ ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ സൂക്ഷിച്ചിട്ടില്ലായെന്ന് മനസ്സിലാക്കിയിട്ടുണ്ടെന്നും ടി കേസ് സംബന്ധിച്ച് പഞ്ചായത്തിൽ ഇതുവരെ കത്തുകളൊന്നും ലഭ്യമായിട്ടില്ല എന്ന് ഓഫീസ് പരിശോധനയിൽ നിന്ന് ഐ.വി.ഒ.യ്ക്ക് ബോധ്യമായിട്ടുണ്ട്. ഈ വിഷയത്തിൽ ടിയാനെതിരെയുള്ള കേസിൽ അന്തിമ അറിയിപ്പ് ലഭ്യമാകുന്ന മുറയ്ക്ക് കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സെക്ഷൻ 271-ൽ പരാമർശിച്ചിട്ടുള്ളതടക്കമുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണെന്ന് പരാമർശം - 2 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിയ്ക്കുകയും, ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ വാർഡ് മെമ്പറായ ശ്രീ. ബിനു (ശ്രീ.സുരേഷ്കുമാർ.എസ്) എന്നിവർകെതിരായ കൈക്കൂലി ആരോപണം സംബന്ധിച്ച പരാതി 1994 - ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271 ജെ പ്രകാരം, ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ.

വിജിലൻസ് വകുപ്പ്(വിജി.എ1/38/2023-വിജി)

ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/91/2023-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Ajith Kumar K.A
സെക്ഷൻ ഓഫീസർ
Date: 18-06-2025 14:24:49

പകർപ്പ്:-ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.